**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 799 09.11.2016 -ൽ മറുപടിക്ക്

**വഴിയോര വിശ്രമകേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. അബ്ദുൾ ഹമീദ്. പി | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ടേക് എ ബ്രേക്ക് പദ്ധതിയിൽ പ്പെടുത്തി നിർമ്മാണം പൂർത്തിയായ വഴിയോര വിശ്രമകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) വിലയിരുത്തിയിട്ടുണ്ട്. 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം 14 ജില്ലകളിലായി 20 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ ജില്ലകളിലായി 14 സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം ബീച്ച്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര (ഏനാത്ത്) എന്നീ പദ്ധതികളും ആലപ്പുഴ ജില്ലയിലെ ചേർത്തല, ഇടുക്കി ജില്ലയിലെ മൂന്നാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം എന്നീ പദ്ധതികളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇവിടങ്ങളിലെ സേവനം സഞ്ചാരികൾ പ്രയോജനപ്പെടുത്തി വരികയാണ്. |

| | | | |
|---|---|---|---|
| ബി) | ഇവയുടെ പരിപാലന ചുമതല ഏതുവിധത്തിലാണ് ഏല്പിച്ചു കൊടുത്തിട്ടുള്ളതെന്നതിന്റെ വിശദവിവരം നല്കാമോ; | ബി) | DTPC കളെയാണ് ഇവയുടെ പരിപാലന ചുമതലയും, പ്രവർത്തനവും ഏൽപ്പിച്ചിട്ടുള്ളത്. DTPC സ്വകാര്യ സംരംഭകരെ കണ്ടെത്തി ലീസിന് നൽകി ഇവ പ്രവർത്തിപ്പിച്ചു വരുന്നു. |
| സി) | ഈ പദ്ധതി പ്രകാരം ഇനിയും വിശ്രമകേന്ദ്രങ്ങൾ പൂർത്തിയാക്കാനുണ്ടോ; എങ്കിൽ എത്രയും വേഗം ഇവ പൂർത്തിയാക്കി തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഉണ്ട്. കൊല്ലം ജില്ലയിലെ ശീമാട്ടി എന്ന പദ്ധതി മാത്രം വേണ്ടത്ര സ്ഥലം ലഭ്യമാവാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. 5 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. പൂർത്തീകരിച്ച 14 പദ്ധതികളിൽ 7 എണ്ണം DTPC ലീസിന് നൽകി ബാക്കിയുള്ളവ ലീസിനു നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.